**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** | **20-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷി നാശം സംബന്ധിച്ച പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വരൾച്ച കാരണം കർഷകർക്ക് അഞ്ഞൂറ് കോടി രൂപയുടെ കൃഷി നാശം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | വരൾച്ച കെടുതി മനസ്സിലാക്കുവാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം 257.12 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടവും 118.69 കോടി രൂപയുടെ പരോക്ഷ നഷ്ടവും സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുവാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | വരൾച്ച കെടുതി മൂലമുള്ള നാശനഷ്ടം നേരിട്ട് വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവ്വകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ദ്ധ സംഘം രൂപീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ 2024 മെയ് 6, 7, 8 തീയതികളിൽ വിദഗ്ദ്ധ സംഘങ്ങൾ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. കൂടാതെ വരൾച്ചാക്കെടുതി രൂക്ഷമായിട്ടുള്ള ഇടുക്കി ജില്ലയിലെ പ്രദേശങ്ങൾ 16.05.2024ന് കൃഷി വകുപ്പ് മന്ത്രിയും ജലസേചന വകുപ്പ് മന്ത്രിയും നേരിട്ട് സന്ദർശിച്ച് നഷ്ടം വിലയിരുത്തുകയും ചെയ്തു.<br><br>നഷ്ടം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**1)** ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്കും 2ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യവും, സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് |

| | | | |
|---|---|---|---|
| | | | അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>കൂടാതെ പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർക്ക് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിലും സ്വീകരിച്ചിട്ടുണ്ട്.<br><br>**2)** നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**3)** കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**4)** വരൾച്ച മൂലം കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും, ജലസേചന അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും, സംയോജിത വള പ്രയോഗവും കീട നിയന്ത്രണവും നടപ്പിലാക്കുന്നതിനും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ വരൾച്ച മൂലം ഉണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ പിന്തുണ ഉറപ്പാക്കുവാനും കാർഷിക ഉല്പാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്. |
| (സി) | കൃഷി നാശം സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ വിശദാംശം നൽകാമോ? | (സി) | വരൾച്ച മൂലമുണ്ടായ കൃഷിനാശം വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവ്വകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ ജില്ലയിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ സന്ദർശിക്കുകയും കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. അതിൻ പ്രകാരം സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടം ഉണ്ടായതായും കണക്കാക്കിയിട്ടുണ്ട്. പരോക്ഷമായി 118.69 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശൂർ ഉൾപ്പെടെ എല്ലാ ജില്ലയിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. ജലസേചന സ്രോതസ്സുകളെല്ലാം വറ്റി വരളുകയും, വിളവെടുക്കാറായ ഫലവർഗങ്ങൾ ഉണങ്ങി ശുഷ്കിച്ച് വില്പനയോഗ്യമല്ലാതാകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ